**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3334** **15-02-2024 - ൽ മറുപടിയ്ക്ക്**

**ദേശീയപാത 66 തലപ്പാടി-ചെങ്കള റീച്ച് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാത 66 തലപ്പാടി-ചെങ്കള റീച്ച് നിർമ്മാണവുമായി ബന്ധപ്പെട്ട് മുറിച്ച് മാറ്റപ്പെട്ട മരങ്ങൾക്ക് പകരം പദ്ധതി പൂർത്തീകരിക്കുമ്പോൾ മരങ്ങൾ നട്ട് പിടിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ നടത്തുന്ന വൃക്ഷ മൂല്യനിർണ്ണയം (Tree Valuation) പ്രകാരം ദേശീയപാത വികസനത്തിനായി മുറിക്കുന്ന മരങ്ങളുടെ എണ്ണത്തിന്റെ 10 ഇരട്ടി മരങ്ങൾ ദേശീയപാത അതോറിറ്റി വച്ച് പിടിപ്പിക്കണം എന്ന് നിബന്ധന ചുമത്തിയിട്ടുണ്ട്. അത് പ്രകാരം വനം വകുപ്പുമായി ചേർന്ന് മുറിച്ച മരങ്ങളുടെ 10 ഇരട്ടി മരങ്ങൾ വച്ച് പിടിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ